"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മുനിസിപ്പൽ പ്രദേശം വഴി ജില്ലാ ആശുപത്രിയിലേയ്ക്ക് പൈപ്പ് മാറ്റിയിടാനും ശുദ്ധജല പ്ലാന്റ് അടക്കമുള്ള സംവിധാനങ്ങൾ നവീകരിക്കുവാനും പ്രത്യേക അനുമതി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1960/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/09/2019

---

പരാമർശം:- 1 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.07.2019 ലെ യോഗതീരുമാനം നം.4.1.

<u>ഉത്തരവ്</u>

കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിക്ക് മുട്ടച്ചിറ എന്ന സ്ഥലത്ത് കിണർ കുഴിച്ച് കുടിവെള്ളമെത്തിക്കുന്നതിന് 2012-13 വർഷം 1.50 കോടി രൂപ വാട്ടർ അതോറിറ്റിക്ക് ഡിപ്പോസിറ്റ് ചെയ്തിരുന്നുവെങ്കിലും ഇവിടെ കിണർ കുഴിച്ചാൽ തദ്ദേശ വാസികൾക്ക് കുടിവെള്ളക്ഷാമം രൂക്ഷമാകുമെന്നതിനാൽ പദ്ധതിക്ക് എതിർപ്പുണ്ടായതിനാൽ കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്ത1.50 കോടി രൂപ ഉപയോഗിച്ച് കാഞ്ഞങ്ങാട് മുനിസിപ്പൽ പ്രദേശം വഴി ജില്ലാ ആശുപത്രിയിലേയ്ക്ക് പൈപ്പ് മാറ്റിയിടാനും ശുദ്ധജല പ്ലാന്റ് അടക്കമുള്ള സംവിധാനങ്ങൾ നവീകരിക്കാനും അനുമതി നൽകണമെന്ന് കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയുണ്ടായി. കമ്മിറ്റിയുടെ പരാമർശം 1ലെ തീരുമാന പ്രകാരം കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മുൻകൂർ അനുമതി വാങ്ങണം എന്ന നിബന്ധനയ്ക്കു വിധേയമായി കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്ത 1.50 കോടി രൂപ ഉപയോഗിച്ച് കാഞ്ഞങ്ങാട് മുനിസിപ്പൽ പ്രദേശം വഴി ജില്ലാ ആശുപത്രിയിലേയ്ക്ക് പൈപ്പ് മാറ്റിയിടാനും ശുദ്ധജല പ്ലാന്റ് അടക്കമുള്ള സംവിധാനങ്ങൾ നവീകരിക്കാനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

സെക്രട്ടറി, ജില്ലാപഞ്ചായത്ത്, കാസറഗോഡ്.

സെക്രട്ടറി, കാഞ്ഞങ്ങാട് നഗരസഭ, കാസറഗോഡ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ